# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **30.11.2015 ന് മറുപടിയ്ക്ക്**

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, എ.പി.അബ്ദുള്ളക്കുട്ടി : | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ലഹരിവിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചു വരുന്ന ലഹരി ഉപഭോഗവും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യ വിപത്തുകളെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കുക, ലഹരിയുടെ അമിത ഉപയോഗം മൂലം ലഹരിക്കടിമയായ വ്യക്തികളെ അതിൽ നിന്നും പിൻതിരിപ്പിക്കുക, ചികിത്സ നൽകുക എന്നിവയ്ക്ക് പുറമേ ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക ഊന്നൽ നൽകി ബോധവത്ക്കരണം നടത്തുക ഇവയാണ് ലഹരിവിരുദ്ധ ബോധവത്ക്കരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.<br>മദ്യ-ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ, ലഹരിവിരുദ്ധ ബോധവത്ക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണം, കോളനികൾ കേന്ദ്രീകരിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ്തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവത്ക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവത്ക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്ക്കരണം, സംസ്ഥാനതലത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്ക്കരണ പരിശീലന ക്ലാസ്സ് തുടങ്ങിയ പരിപാടികളാണ് ഇതിനോടനുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ലഹരിക്ക് അടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ധനസഹായം നൽകി വരുന്നുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുവാനായി 25.9.2015 ലെ ജി.ഒ.(എം.സ്) നം.171/15/നി.വ. നം. സർക്കാർ ഉത്തരവ് പ്രകാരം 'സുബോധം' എന്ന ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകുകയുമുണ്ടായി.<br>ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ MSW ബിരുദമുള്ള നോഡൽ ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം നിർവഹിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവത്ക്കരണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. മദ്യലഭ്യത കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഒരാൾക്കു കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു. |

| | | | |
|---|---|---|---|
| | | | 2. സൂര്യോദയം മുതൽ അർദ്ധരാത്രിവരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടേയും ബിയർ വൈൻ പാർലറുകളുടേയും പ്രവർത്തന സമയം 5 മണിക്കൂർ കുറച്ചു.<br>3. പുതുതായി എഫ്.എൽ.1 ഷോപ്പുകൾ ആരംഭിക്കാതിരിക്കുകയും നിലവിലുള്ള എഫ്.എൽ.1 ഷോപ്പുകളിൽ നിന്നും പ്രതിവർഷം 10% ഷോപ്പുകൾ വീതം നിർത്തലാക്കിയും വരുന്നു.<br>4. പഞ്ചനക്ഷത്ര പദവിയിലുള്ള ഹോട്ടലുകൾ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് നൽകുന്നത് നിർത്തിലാക്കി.<br>5. യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 വയസ്സായി ഉയർത്തിയിട്ടുണ്ട്.<br>6. പുതിയ മദ്യശാലകൾ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടി നിർബന്ധമാക്കി പഞ്ചായത്ത് നിയമവും മുൻസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്തിട്ടുണ്ട്.<br>7. ദുഃഖവെള്ളിയാഴ്ച ഡ്രൈഡേ ആയി പ്രഖ്യാപിച്ചു. കൂടാതെ അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ജൂൺ 26 ഉം ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**